License No. 371. Dated 10-10-37.

വൈദ്യസാരഥി.

വാല്യം 12 } 1123 മകരം. { ലക്കം 10.

EDITOR:- N. S. MOOSS, (VAYASKARA)

വാർഷികവരിസംഖ്യ രൂ. ൩. ഒറ്റപ്രതിക്ക് അണ 4.

വൈദ്യസാരഥി.

കേരളത്തിലെ

ഏക സംസ്കൃത മലയാള വൈദ്യമാസിക

വാല്യം 12. } 1123 മകരം. { ലക്കം 10.

മംഗളം.

തിപോർജ്ജയേ സാരഥിവന്മഹീപതേഃ
സഹായതാം വൈദ്യഗണസ്യ രുഗ്ജയേ
പ്രപദ്യമാനേയമതീവ മാസികാ
സദാ പരം ശുംഭതു വൈദ്യസാരഥിഃ

വൈദ്യൻ, പി. രാമൻമേനോൻ.

കണ്ണൂർ മാധവസ്മാരക ആയുർവ്വേദവിദ്യാലയത്തിന്റെ 18- 1- 48-ൽ നടത്തിയ വാർഷികോത്സവത്തിൽ ബ്രഹ്മശ്രീ വയസ്കര N. S. മൂസ്സ് അവർകൾ ചെയ്ത ബിരുദദാനപ്രസംഗം.

യസ്യ ധന്വന്തരിർമ്മാതാ പിതാ രുദ്രോ ഭിഷക്തമഃ
തം ശാസ്താരമഹം വന്ദേ മഹാവൈദ്യം ദയാനിധിം.

അല്ലയോ മാന്യ സദസ്യരെ!

ഇന്നത്തെ ഈ മഹാസമ്മേളനത്തിന്റെ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കണമെന്നുള്ള മാധവസ്മാരക ആയുർവ്വേദ വിദ്യാലയഭാരവാഹികളുടെ ആഗ്രഹത്തെ ഞാൻ നന്ദിപൂർവ്വം

സ്വീകരിച്ചിരിക്കുന്നു. ആയുർവ്വേദോന്നമനത്തിനുവേണ്ടി ചെയ്യേണ്ടതെന്നു തോന്നിയിട്ടുള്ള ഭാഗങ്ങളെക്കുറിച്ച് എന്റെ അറിവിൽ പെട്ടിട്ടുള്ള സംഗതികളെ ചുരുക്കി വിവരിക്കാമെന്നു വിചാരിക്കുന്നു.

ആയുർവേദം മററു വൈദ്യശാസ്ത്രങ്ങളേക്കാൾ ഉൽകൃഷ്ടമെന്നു സാധിക്കുന്നതിനുള്ള ഒരു സമ്പ്രദായമാണെല്ലോ ആയുർവ്വേദത്തിന്റെ മാഹാത്മ്യങ്ങളെക്കുറിച്ച് വിസ്തരിക്കുന്നത്. എന്നാൽ ഇപ്പോൾ ആയുർവേദത്തിന്റെ മഹത്വം ജനങ്ങൾക്കും ഭരണാധികാരികൾക്കും ഏതാണ്ട് മനസ്സിലായതിന്റെ ഫലമായി ഇൻഡ്യാഗവമ്മെന്റ് ഈയിടെ രൂപീകരിച്ചിട്ടുള്ള "Committee on Indigenous System of Medicine" ഭാരതീയരായ വൈദ്യന്മാരുടേയും മററും അഭിപ്രായമറിഞ്ഞു് ആയുർവേദോന്നമനാത്ഥം ചെയ്യേണ്ടകാര്യങ്ങളെക്കുറിച്ച് ഗവമ്മെണ്ടിനെ ഉപദേശിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടല്ലൊ. ഇതിനകം ഈ കമ്മററി പല മഹാന്മാരുടേയും അഭിപ്രായങ്ങൾ മേലാൽ ആയുർവേദത്തിനും മററു ഭാരതീയ വൈദ്യശാസ്ത്രങ്ങൾക്കും പ്രചാരവും മേന്മയും പൂർവ്വാധികം സമ്പാദിക്കുന്നതിനായി ജനങ്ങളും ഭരണാധികാരികളും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് നിർദ്ദേശിക്കുന്നതിനു് ചില ചോദ്യങ്ങൾ തയാറാക്കി നാനാഭാഗങ്ങളിലുമുള്ള വൈദ്യന്മാൎക്കും സ്ഥാപനങ്ങൾക്കുമയച്ചുകൊടുക്കുകയും അവരുടെ മറുപടി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിനു് ഏററവും യോജിച്ച വൈദ്യസമ്പ്രദായം ഭാരതീയ ആയുർവേദം തന്നെയാണെന്നു് പറയുന്നതിൽ ലേശം പോലും ആത്മപ്രശംസയോ സ്വാത്ഥപ്രതിപത്തിയോ ഇല്ലെന്നു നിസ്സംശയം പറയാവുന്നതാണ്.

"ഉചിതോയന്ന്യയോ ദേശസ്തജ്ജം തസ്യൌഷധംഹിതം
ദേശേന്യത്രാപി വസതസ്തത്തുല്യഗുണജന്മച" എന്നാണല്ലോ വാഗ്ഭടാചാൎയ്യർ പറഞ്ഞിരിക്കുന്നതും. ആയതിനാൽ ആയുർവേദോന്നമനാത്ഥം ചെയ്യേണ്ടുന്ന പ്രധാന സംഗതികളെ കുറിച്ച് നമുക്ക് അല്പമൊന്നു ചിന്തിക്കാം.

1. ആയുർവേദാഭ്യസനം

ഭാരതത്തിൽ പുരാതനകാലം മുതല്ക്കുതന്നെ ആയുർവ്വേദാഭ്യസനം ഉണ്ടായിരുന്നു. അതിപ്രാചീനകാലത്തു് ഭാരതത്തിലുണ്ടായിരുന്ന നളന്ദ, തക്ഷശില, മുതലായ സർവ്വകലാശാലകൾ ഇതിനു് സാക്ഷ്യം വഹിക്കുന്നുമുണ്ടു്. തക്ഷശിലാസർവ്വകലാലയത്തിലെ ആയുർവേദശാസ്ത്രാഭ്യസനം നവീന ശാസ്ത്രാഭ്യസനത്തേക്കാൾ എത്രയോ വിശിഷ്ടവും വിശാലവുമായ രീതിയിൽ നടന്നിരുന്നുവെന്നു് ചരിത്ര രേഖകളിൽനിന്നു് നമുക്കു് ഗ്രഹിക്കുവാൻ സാധിക്കുന്നതാണു്. എന്നാൽ ഇപ്പോഴത്തെ ആയുർവേദശാസ്ത്രാഭ്യസനം വളരെ പിന്നോക്കമാണെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. കൽകത്താ മുതലായ സ്ഥലങ്ങളിൽ ചില ആയുർവേദകലാലയങ്ങളും ആതുരാലയങ്ങളും ഗവമ്മെണ്ടിൽ നിന്നും ലഭിക്കുന്ന സംഭാവന കൊണ്ടു് ഏതാണ്ടു് പരിഷ്കൃതരീതിയിൽ ഇന്നു് നടത്തിവരുന്നുണ്ടെന്നുള്ള സംഗതി നമുക്കും ഒരഭിമാനം തന്നെയാണു്. പക്ഷെ ആയുർവേദത്തിനു് കേരളത്തിൽ പ്രത്യേകം ഒരു സ്ഥാനം വളരെ പുരാതനകാലംമുതല്ക്കുതന്നെ കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ള സംഗതിയും വിസ്മരിക്കാവുന്നതല്ല. എന്നാൽ ഇപ്പോൾ കേരളമൊട്ടാകെ നോക്കുന്നപക്ഷം ഒരു സ്ഥാപനം പോലും ആയുർവേദസമ്പ്രദായത്തെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുന്നതിനും ഓഷധിപരിജ്ഞാനം കർമ്മപരിശീലനം മുതലായവയോടുകൂടി തച്ഛാസ്ത്രാഭ്യസനം വിധിപ്രകാരം നിർവ്വഹിക്കുന്നതിനും പര്യാപ്തമായ രീതിയിൽ നടക്കുന്നില്ലെന്നു പറയാതെ തരമില്ല. വസ്തി, രക്തമോക്ഷം, വമനം, വിരേകം മുതലായ ശോധനക്രിയകളും സ്നേഹപാനം, കഷായപാനം തുടങ്ങിയ ശമനക്രിയകളും പിണ്ഡസ്വേദം, ദ്രവസ്വേദം, അന്നലേപനം മുതലായ സ്വേദക്രിയകളും ഭാരതത്തിലൊട്ടാകെ നോക്കുന്ന പക്ഷം ഏതാണ്ടു് നാമമാത്രമായിട്ടെങ്കിലും കേരളത്തിലല്ലാതെ ഇന്നു് നടന്നുവരുന്നില്ലെന്നു

പറയാവുന്നതാണ്. ശോധനശമനചികിത്സകളും കൂടി അഭ്യസിക്കുന്നതിനു് ഇന്നു് ഒരു കലാലയംപോലും വേണ്ട പ്രകാരം ഇവിടെ ഇല്ലെന്നുള്ള സംഗതി ഒരിക്കലും ഒരു ആയു ർവ്വേദപ്രണയിക്കു് യോജിച്ചതല്ല. എല്ലാവരും യോജിച്ചു്, നവീനോപകരണങ്ങളോടും ഓഷധീപരിശീലനാർത്ഥം ഒരു ഔഷധാരാമത്തോടും പ്രായോഗികപരിശീലനത്തിനായി ചുരുങ്ങിയപക്ഷം 100 ശയ്യകളോടുകൂടിയതുമായ ഒരു ആതുരാലയത്തോടനുബന്ധിച്ചു് ഒരു ആയുർവേദവിദ്യാലയമെങ്കിലും കേരളത്തിൽ ഉടൻ തന്നെ നടത്തുന്നതിനു ശ്രമിക്കേണ്ടതാണ്. പൊതുജനങ്ങളിൽ നിന്നുള്ള ഉദാര സംഭാവനകളും ഭരണാധികാരികളിൽ നിന്നു് ലഭിക്കുന്നധനസഹായവും മാത്രമാണ് ഇങ്ങനെ ഒരു സ്ഥാപനം നടത്തിക്കൊണ്ടു പോവാനുള്ള ഏകമാർഗ്ഗം. ഇതിനു് നാമെല്ലാവരും ഒത്തൊരുമിച്ചു് പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ആയുർവേദത്തിൻെറ അഷ്ടാംഗങ്ങളിലുൾപ്പെട്ട ശല്യതന്ത്രം, ശാലാക്യതന്ത്രം, പ്രസൂതിതന്ത്രം ഇവയ്ക്കു പ്രത്യേകം നിഷ്കർഷിക്കേണ്ടതുണ്ടു്. ശസ്ത്രക്രിയാപരിചയം കൂടാതെയുള്ള ആയുർവേദാഭ്യസനം ഒരിക്കലും പൂർണ്ണമാകയില്ല. ആയുർവേദമഭ്യസിക്കുന്ന വിദ്യാർത്ഥികൾ സുശ്രുതം, അഷ്ടാംഗഹൃദയം തുടങ്ങിയുള്ള വൈദ്യതന്ത്രങ്ങളിൽ സനിഷ്കർഷം വിവരിക്കുന്ന ശസ്ത്രക്രിയാവിഭാഗത്തിൽ വേണ്ടവിധം പരിജ്ഞാനം സിദ്ധിക്കുന്നതിനുള്ള സൗകര്യവും സമയവും കൊടുക്കാതെ ആയുർവേദം പഠിച്ചുകൊള്ളണമെന്നുവച്ചാൽ അതു് ആയുർവേദശാസ്ത്രത്തിൻെറ കഷ്ടകാലമെന്നേ പറയുവാനൊള്ളൂ. ആയുർവേദത്തിൻെറ അഷ്ടാംഗങ്ങളിലും ഒരുപോലെ ശാസ്ത്രീയവും പ്രായോഗികവുമായ പരിജ്ഞാനം സമ്പാദിക്കത്തക്കവിധം ആയുർവേദകലാലയങ്ങളിൽ പാഠനക്രമം ഏർപ്പെടുത്തണം.

വേണ്ടവിധം സംസ്കൃതഭാഷാജ്ഞാനമില്ലാത്തവരുടെ ആയുർവേദകലാലയങ്ങളിലേക്കുള്ള പ്രവേശനത്തെ നിയന്ത്രിക്കേണ്ട കാലം ഇപ്പോൾ അതിക്രമിച്ചിരിക്കുന്നു. നാലോ അഞ്ചോ ക്ലാസ്സ് മലയാളം പഠിച്ചശേഷം ഉപരിപഠനത്തിനു നിവൃത്തിയില്ലാതെ വിഷമിക്കുന്നവർ വല്ലവിധേനയും ആയുർവ്വേദകലാലയങ്ങളിൽ പ്രവേശനം സമ്പാദിച്ച് വല്ലവിധവും പഠിച്ചുവെന്നുവരുത്തി പരീക്ഷയും ജയിച്ചതായി സർട്ടിഫിക്കററും വാങ്ങി വൈദ്യന്മാരായി തീർന്നിട്ടുള്ളവരുടെ സംഖ്യ ഇന്നു ധാരാളമാണ്. ഇപ്പോൾ തിരുവിതാംകൂറിൽ പുതിയ പാഠപദ്ധതിയേർപ്പെടുത്തിയതിനോടുകൂടി ആയുർവേദപാഠശാലാപ്രവേശനം ഒട്ടും നിയന്ത്രിതമായിട്ടുണ്ടെങ്കിലും അത്രം മതിയായിട്ടുണ്ടെന്നു പറയാവുന്നതല്ല. ഒന്നുകിൽ സ്കൂൾ ഫൈനൽ ജയിക്കണം (സംസ്കൃതമുപഭാഷയായിഎടുത്തു സംസ്കൃതത്തിനു 40% മാർക്കോടുകൂടി) അല്ലെങ്കിൽ സംസ്കൃതശാസ്ത്രി പരീക്ഷക്കു ഇംഗ്ലീഷിനു 40% ൽ കുറയാതെ മാർക്കോടുകൂടി ജയിക്കണം. ഇങ്ങനെയുള്ളവരെയാണ് ആയുർവ്വേദഎൻട്രൻസു ക്ലാസ്സിൽ പ്രവേശിപ്പിക്കുന്നതു് എന്നാണ് നിയമം. എന്നാൽ സംസ്കൃതശാസ്ത്രിക്കു ഇംഗ്ലീഷിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡം ഏതാണ്ടു മൂന്നാം ഫാറത്തിലേതിനോടു തുല്യമായിട്ടാണ്. പുതിയ സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള കെമിസ്റ്ററിയും ഫിസിക്സും കൂടാതെ ബയോളജിയും നവീനരീതിയനുസരിച്ചു ഫിസിയോളജിയും പഠിച്ചുതീർക്കുന്നതിനു ഈ തേർഡ്ഫാറത്തിലെ ഇംഗ്ലീഷുഭാഷാജ്ഞാനം ഒരു വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്നില്ലെന്നുള്ളതു വിശദമാകുന്നുണ്ടു്. ഏതാണ്ടു് ഇതുപോലെതന്നെയാണ് സംസ്കൃതം ഉപഭാഷയായി എടുത്തു പാസായിവരുന്ന സ്കൂൾഫൈനൽ വിദ്യാർത്ഥികളും. ഇവർക്കു് സംസ്കൃതഭാഷാജ്ഞാനം വളരെ കുറവാണ്. സംസ്കൃതം നല്ലവണ്ണം പഠിക്കാത്തവർക്കു് ആഷങ്ങളും പ്രൗഢങ്ങളുമായ ചരകം, സുശ്രുതം മുതലായ ഗ്രന്ഥങ്ങളുംമററുംവായിച്ചു് അതിൽ പ്രതിപാദിതങ്ങളായ തത്വങ്ങൾ

മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ടു് വാക്യാൎത്ഥജ്ഞാനത്തിന്നു് തക്കം, വ്യാകരണം തുടങ്ങിയുള്ള അന്യശാസ്ത്രങ്ങളുടെ ജ്ഞാനവും ഉപേക്ഷിക്കാവുന്നതല്ല ഉദാഹരണമായി അഷ്ടാംഗഹൃദയത്തിൽ അശോനിദാനത്തിലുള്ള "അഝപഞ്ചാങ്ഗുലഃ" എന്നും അതിസാരചികിത്സിതത്തിലുള്ള "പയസ്യൎദ്ധോദകെ" എന്നും മററുമുള്ള വാക്യങ്ങളുടെ അൎത്ഥം ശരിയായിമനസ്സിലാക്കണമെങ്കിൽ വ്യാകരണപരിചയം കൂടാതെ സാധിക്കയില്ലെന്നു തീൎച്ചയാണു്. അതുപോലെ ത്രിദോഷവിജ്ഞാനത്തിന്നു് ചരകത്തിൽ പറയുന്ന ഭാഗങ്ങൾ മനസ്സിലാക്കണമെങ്കിൽ തൎക്കശാസ്ത്രപരിജ്ഞാനം കൂടാതെയും സാധിക്കുന്നതല്ലല്ലോ. ഈ കാൎയ്യങ്ങൾ ആയുൎവേദപാഠശാലാധികാരികൾ പ്രത്യേകമാലോചിച്ചു് വേണ്ടവിധം പ്രവൎത്തിക്കേണ്ടതാണു്. വിദ്യാൎത്ഥികൾക്കു ഭാഷാജ്ഞാനം കുറവാണെങ്കിൽ അതു ഉണ്ടാക്കി കൊടുക്കേണ്ട ചുമതലകൂടി അദ്ധ്യാപകന്മാരുടെ കൎത്തവ്യമാണല്ലോ.

തക്ഷശിലാ സൎവ്വകലാശാലയിലെ ആൎയുവേദശാഖാദ്ധ്യക്ഷൻ ആത്രേയാദികളിലുൾപ്പെട്ട ഭിക്ഷു ആത്രേയൻ ആയിരുന്നു എന്നു കേൾക്കുന്ന മാത്രയിൽ അന്നത്തെ അവിടുത്തെ പാഠപദ്ധതിയും പഠനക്രമവും എത്രകണ്ടു പ്രൗഢവും ഗംഭീരവും ക്രമീകൃതവുമായിരുന്നുവെന്നു് നമുക്കൂഹിക്കുവാൻ കഴിയും. ഗൗതമബുദ്ധൻെറ വൈദ്യനായിരുന്ന കൌമാരഭട്ടനെന്നു പ്രസിദ്ധനായ ജിവകൻ തക്ഷശിലാസൎവ്വകലാശാലയിലെ ബിരുദധാരികളിൽ പ്രഥമഗണനീയനായിരുന്നുവല്ലോ. ഇദ്ദേഹം അവിടെ ഏഴുകൊല്ലത്തോളം വൈദ്യശാസ്ത്രമഭ്യസിക്കുകയുണ്ടായിട്ടുണ്ടു്. ചികിത്സിക്കുന്നതിന്നനുവാദം ലഭിക്കുന്നതിനു മുമ്പായി സൎവ്വകലാശാലയുടെ പതിനഞ്ചു നാഴിക വിസ്തീൎണ്ണത്തിലുള്ള പ്രദേശങ്ങളിലുള്ള സകല പദാൎത്ഥങ്ങളുടേയും നാമരൂപരസവീൎയ്യാദികളുംമററും അറിഞ്ഞിരിക്കണമെന്നു് നിൎബന്ധമുണ്ടായിരുന്നതിനാൽ ആ പരീക്ഷയിൽ ചേൎന്നു് ഇദ്ദേഹം നിഷ്പ്രയാസം വിജയിക്കുകയും ചെയ്തു. പരിശോധനയിൽ

ചികിത്സക്കുപയുക്തമല്ലാത്തതായോ തിരിച്ചറിയാൻ സാധിക്കാത്തതായോ ഉള്ള യാതൊരു സാധനവും ഇദ്ദേഹത്തിന്ന് നിർദ്ദിഷ്ടപ്രദേശത്തില്ലായിരുന്നു. ആധുനികങ്ങളായ നിരവധി യന്ത്രോപകരണങ്ങളുടെ സഹായം വേണ്ടവിധം ലഭിക്കുന്നതിന്ന് യാതൊരു പ്രയാസവും ഇല്ലാത്ത ഇന്നത്തെ കാലത്തുപോലും ദുസ്സാധ്യങ്ങളെന്ന് വച്ചിരിക്കുന്ന അനേകവിധ ശസ്ത്രക്രിയകൾ ഇദ്ദേഹം നിഷ്പ്രയാസം ചെയ്തിരുന്നതായി ചരിത്രരേഖകളിൽ നിന്നും നമുക്ക് അറിവാൻ സാധിക്കുന്നുണ്ട്. അഹിംസാധർമ്മത്തോടുള്ള ബഹുമാനസൂചകമായും ബുദ്ധഭക്തതയെ വെളിപ്പെടുത്തുന്നതിനുവേണ്ടിയും അദ്ദേഹം ശസ്ത്രക്രിയ വേണ്ടെന്നുവെക്കുകയും പിന്നീട് ശസ്ത്രക്രിയകൊണ്ടു സാധിച്ചുവന്നിരുന്ന രോഗങ്ങളുടെ ചികിത്സ ഔഷധികളെക്കൊണ്ടുമാത്രം നിർവഹിക്കുകയും ചെയ്തിരുന്നു. ഇതിൽനിന്നും പുരാതനകാലത്തെ ആയുർവേദാഭ്യസനരീതിയും മററും ഇന്നത്തെക്കാൾ എത്രകണ്ടു് ഉന്നതമായിരുന്നുവെന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണല്ലോ.

2. ഗവേഷണം

രോഗങ്ങളെ കുറിച്ചും തന്നിവാരണോപായങ്ങളെക്കുറിച്ചും ഉള്ള ഗവേഷണങ്ങൾ ഇന്നും എന്നും അത്യന്താപേക്ഷിതങ്ങളാണ്. പ്രായോഗികമായ പരിജ്ഞാനം കൊണ്ടും ക്രിയകളെക്കൊണ്ടുമാണല്ലോ നവം നവങ്ങളായ ഓരോകണ്ടുപിടുത്തങ്ങളുമുണ്ടാകുന്നതു്. ശീതോഷ്ണാവസ്ഥ, ആഹാരവിഹാരാദികൾ, ദേശകലാവസ്ഥ മുതലായവയുടെ വ്യത്യാസം കൊണ്ടു രോഗങ്ങൾക്കും പലേ വ്യത്യാസങ്ങളുണ്ടാകുന്നുണ്ട്. എന്നാൽ ആയുർവേദം അതിന്റെ ഏററവും പ്രധാനമായ ത്രിദോഷ സിദ്ധാന്തത്തിൽ ഉറച്ചു നില്ക്കുന്നതുകൊണ്ടു് അന്യവൈദ്യശാസ്ത്രങ്ങളിൽ നിന്നു ഉയൎന്നു തന്നെ നില്ക്കും. അലോപ്പതിക്കാരുടെ മററീറിയാ മെഡിക്കാ വല്ലവിധത്തിലും നഷ്ടപ്പെട്ടു പോകാനിടവരുന്നുവെങ്കിൽ ആ വൈദ്യസമ്പ്രദായം പിന്നെ തീരെ തിരോധാനം ചെയ്തുപോയേക്കാവുന്നതാണ്.

അതുപോലെ ഭാരതീയ വൈദ്യശാസ്ത്രത്തിൻെറ വല്ലഭാഗവും നഷ്ടപ്പെട്ടുപോയാൽ അതുകൊണ്ടു് ആ വൈദ്യസമ്പ്രദായം നശിച്ചു എന്നുവരുന്നതല്ല. കൂടാതെ ത്രിദോഷസിദ്ധാന്തത്തിൽ വേണ്ടിടത്തോളം പഠിപ്പും പരിചയവും സിദ്ധിച്ച ഒരു ആയുർവൈദ്യന്നു വേണ്ടിവന്നാൽ ഒരു പുതിയ മററീറിയാ മെഡിക്കാ സ്വയം സൃഷ്ടിക്കുവാൻ തന്നെയും പ്രയാസമില്ലെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവിക്കണമെന്നില്ലല്ലോ. ഇതിൽനിന്നും നമുക്കു് മനസ്സിലാക്കുവാനുള്ളതു് ആയുർവേദത്തിന്റെ മഹത്വം ത്രിദോഷസിദ്ധാന്തത്തെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ളതാണു്. ത്രിദോഷസിദ്ധാന്തതത്വങ്ങളെക്കുറിച്ചു് നിരവധി അന്വേഷണങ്ങളും പരീക്ഷണങ്ങളും ഇനിയും നടത്താനുണ്ടു്. അങ്ങിനെ ചെയ്യുന്നതായാൽ അവ കല്യാണകരങ്ങളും അമൂല്യങ്ങളുമായ ഫലങ്ങളെ ലോകത്തിനു് പ്രദാനം ചെയ്യാതെ ഇരിക്കയില്ലെന്നു തന്നെ നമുക്കു വിശ്വസിക്കാം.

രോഗനിവാരണോപായങ്ങളെക്കുറിച്ചു് നമുക്കു ധാരാളം സംഗതികൾ ഇനിയും ഗ്രഹിക്കുവാനുണ്ടു്. രോഗാരംഭത്തിൽ തന്നെ രോഗത്തെ തിരിച്ചറിഞ്ഞു് വേണ്ട പ്രതിവിധി ചെയ്യുകയെന്നതാണല്ലോ ഏററവും ശരിയായ രോഗനിവാരണം. ഉൽപിത്സുക്കളായ രോഗങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ചികിത്സകന്മാൎക്കു് അവൎക്കുണ്ടാകുന്ന സംശയങ്ങൾക്കു നിവാരണം ചെയ്യുന്നതിനു പൎയ്യാപ്തമായ പരീക്ഷണശാലകൾ നമ്മുടെ രാജ്യത്തു് ഇല്ലാത്തതുകൊണ്ടു അവരുടെ അനുഭവാദികൾ ശരിയായ പരീക്ഷണങ്ങൾക്കു വിഷയമാകുന്നില്ല. ശരിയായ ഉപകരണങ്ങളോടുകൂടിയും വേണ്ട കഴിവുള്ളതുമായ ഒരു സ്ഥാപനം നമുക്കുണ്ടെങ്കിൽ നമ്മുടെ അനുഭവങ്ങളെ നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയങ്ങളാക്കിത്തീൎക്കുന്നതിനും തദ്വാരാ അതിൻെറ ഫലം എല്ലാവൎക്കുമറിയാൻ സംഗതിയാവുന്നതിനും ആയുർവേദശാസ്ത്രത്തിൻെറ പ്രായോഗികതയും കഴിവും ഉത്തരോത്തരം വർദ്ധിക്കാനുമിടവരുന്നതാണു്.

ആരോഗ്യസംബന്ധമായ വിദ്യാഭ്യാസം ഏററവും അത്യന്താപേക്ഷിതമാകുന്നു. ഒരാളിൻെറ ജന്മം മുതൽ ഗൃഹത്തിൽവച്ചും പിന്നീട്ട പാഠശാലകളിൽ നിന്നും ഉണ്ടാകുന്ന പരിജ്ഞാനത്തിൽനിന്നും ആരോഗ്യസംബന്ധമായ കാര്യങ്ങളെ വേർതിരിച്ച് നിൎത്തുവാൻ സാധിക്കുന്നതല്ല. ആരോഗ്യപരവും പരിശുദ്ധവുമായ ജീവിതരീതികൊണ്ടു മാത്രമാണ് ആരോഗ്യസമ്പാദനപര്യാപ്തങ്ങളായ കാര്യങ്ങൾ നമുക്കു മനസ്സിലാകുന്നതും അതനുസരിച്ച് ജീവിതം നയിക്കുവാനിടവരുന്നതും. ഒരാളിൻെറ എല്ലാവിധത്തിലുമുള്ള ജീവിതവശങ്ങളേയും സ്പൎശിക്കത്തക്കവണ്ണം വിപുലമായിരിക്കണം ആരോഗ്യസംബന്ധമായ വിദ്യാഭ്യാസം. പൊതുജനാരോഗ്യഡിപ്പാർട്ടുമെണ്ടുവഴിയായി ജനങ്ങൾക്കു പര്യാപ്തമായ ആരോഗ്യജ്ഞാനം ഉണ്ടാക്കിക്കൊടുക്കുകയും വിദ്യാലയങ്ങളിൽ ആരോഗ്യപരങ്ങളായ ചര്യകളും മററും മനസ്സിലാക്കിക്കൊടുക്കുന്നതിനു മതിയായ പാഠക്രമം ഏർപ്പെടുത്തുകയും ചെയ്യുക മാത്രമാണ് ദേശീയമായ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഏകമാൎഗ്ഗം. ഇക്കാൎയ്യത്തിൽ നാമെല്ലാവരും ഒത്തുചേൎന്നു പ്രവൎത്തിക്കേണ്ടതാണ്. പൊതുജനാരോഗ്യവകുപ്പും മെഡിക്കൽവകുപ്പും ഒരുമിച്ചുചേൎന്നു പ്രവൎത്തനം തുടങ്ങുന്നതായാൽ ഈ സംഗതി കുറേക്കൂടി സുഗമമായിത്തീരുകയും ചെയ്യും. ഭാരതീയൻെറ ജീവിതം ശരാശരി 25 വയസ്സിനോട്ട് അടുത്തതാണെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. മററു് അമേരിക്കാ, ഇംഗ്ലണ്ടു, മുതലായ രാജ്യങ്ങളെ അപേക്ഷിച്ച് ഒരു ഭാരതീയൻെറ ആയുസ്സ് തുലോം കുറവാണെന്നു കാണുന്നതു് ഏററവും ശോചനീയമാണ്. ഇതിൻെറ പ്രധാനകാരണം ഭാരതത്തിലെ ജനസംഖ്യയനുസരിച്ച് ജീവിതത്തോതു വർദ്ധിപ്പിക്കാൻ പര്യാപ്തങ്ങളായുള്ള ഉപായങ്ങൾ ഭരണാധികാരികൾ കൈക്കൊള്ളുന്നില്ലന്നുള്ളതാണ്. ജീവിതരീതി നന്നായാൽ മാത്രമേ ആരോഗ്യംസമ്പാദിക്കാൻ കഴികയുള്ളു. ആരോഗ്യസമ്പാദനസമൎത്ഥങ്ങളായ സംഗതികളുടെ ജ്ഞാനം പൊതുജനങ്ങൾക്കു

തുലോം കുറവാണു്. ഇതു കഴിയുന്നതും വേഗം പ്രസിദ്ധീകരണാദികളെക്കൊണ്ടു് പരിഹരിക്കേണ്ടതും പരിഹരിക്കാവുന്നതുമാകുന്നു.

വൈഗുണ്യമുപപന്നാനാം ദേശകാലാനിലാംഭസാം
ഗരീയസ്ത്വം വിശേഷണഹേതുമൽ സംപ്രവക്ഷ്യതെ
വാതാജ്ജലം ജലാദ്ദേശം ദേശാൽകാലം സ്വഭാവതഃ
വിദ്യാദ്ദുഷ്പരിഹാര്യ്യത്വാൽ ഗരീയസ്തരമത്ഥവിൽ

എന്ന പദ്യങ്ങളിൽ അടങ്ങിയിരിക്കുന്ന കാര്യ്യങ്ങൾ ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കേണ്ടതു ഭരണാധികാരികളുടെ കടമയാണെന്നു പറയുന്നതിൽ തെററില്ലല്ലോ. ഇന്നത്തെ നമ്മുടെ രാജ്യത്തെ പൊതുജനാരോഗ്യവകുപ്പു പ്രവത്തനങ്ങൾ ഇത്രക്കു മന്ദീഭവിച്ചതാണെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

സത്യം ഭൂതെ ദയാദാനം ബലയോദേവതാർച്ചനം
സദ്വൃത്തസ്യാനുവൃത്തിശ്ച പ്രശമോഗുപ്തിരാത്മനഃ
ഹിതം ജനപദാനാഞ്ച ശിവാനാമുപസേവനം.
സേവനം ബ്രഹ്മചര്യ്യസ്യ തഥൈവ ബ്രഹ്മചാരിണാം
സംകഥാ ധമ്മശാസ്ത്രാണാം മഹഷീണാം ജിതാത്മനാം
ധാമ്മികൈഃ സാത്വികൈന്നിത്യം സഹാസ്യാവൃദ്ധസ
മ്മതൈഃ
ഇത്യേതൽഭേഷജം പ്രോക്തമായുഷഃപരിപാലനം

എന്നാണല്ലോ ചരകാചാര്യ്യമതം.

ഈ തത്വജ്ഞാനം എല്ലാ ജനങ്ങളിലും ഉണ്ടാക്കിവയ്ക്കേണ്ടതാണെങ്കിലും ആയുർവേദവിദ്യാത്ഥികളിൽ വിശേഷിച്ചും ഉണ്ടാകുവാൻ വേണ്ട മാഗ്ഗങ്ങളേക്കൂടി അദ്ധ്യായനസമ്പ്രദായത്തിൽ വ്യക്തമാക്കുവാൻകൂടി തത്ഭാരവാഹികൾ ശ്രമിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തേക്കൂടി പ്രസ്താവിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

1947 ഡിസംബർ 29-ാംനു- മുതൽ തുടർച്ചയായി 3 ദിവസം കെ. എ. സമാജത്തിൽവച്ചുകൂടിയ വൈദ്യസംഘത്തിന്റെ

2-ാമത്തെ യോഗത്തിലെ തീർപ്പുകൾ.

ഹാജർ.

1. ശ്രീ. കുട്ടഞ്ചേരി ആര്യൻ മൂസ്സവർകൾ, അദ്ധ്യക്ഷൻ.
2. ,, ഇട്ടൂഴി മാധവൻ നമ്പൂതിരി ,, അംഗം
3. ,, ആലത്തിയൂർ ശങ്കരൻ നമ്പി ,, ,,
4. ,, പുലാമന്തോൾ സി ശങ്കരൻ മൂസ്സ് ,, ,,
5. ,, ഇ. ടി. നീലകണ്ഠൻ മൂസ്സ് ,, ,,
6. ,, സി. കൃഷ്ണവാര്യർ ,, ,,
7. ,, ടി. രാമവാര്യർ ,, ,,
8. ,, പി. ടി. നാരായണൻ മൂസ്സ് ,, ,,
9. ,, എസ്. രാമൻ നമ്പീശൻ ,, കാര്യദർശി.

1. പുലാമന്തോൾ സി. ശങ്കരൻമൂസ്സവർകളെ അംഗമായി നിശ്ചയിച്ചിരിക്കുന്നു.

2. അഷ്ടാംഗഹൃദയം സൂത്രസ്ഥാനത്തിൽ ഒന്നുമുതൽ ആറുകൂടി അദ്ധ്യായങ്ങളിലെ പാഠഭേദങ്ങളെ ആലോചിച്ച് താഴെ വിവരിക്കുന്നപ്രകാരം പാസ്സാക്കി.

3. വൈദ്യസംഘത്തിൽനിന്ന് ഒരു സമ്മതപത്രം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ പ്രവർത്തകസമിതിയിൽ എം. കെ. പത്മനാഭപ്പണിക്കർ ഹാജരാക്കിയതും പ്രവർത്തകസമിതി ആലോചനക്ക് സംഘത്തിലേക്ക് വെച്ചതുമായ ഹരജിയേപ്പററി ആലോചിച്ചതിൽ ഇങ്ങനെ ഒരു സമ്മതപത്രം കൊടുത്തിട്ട് പ്രത്യേകം ആവശ്യമില്ലെന്നു തീർച്ചപ്പെടുത്തുകയാൽ മേല്പടി ഹരജി ഉപേക്ഷിച്ചു.

4. മദ്രാസ് ഗവർമ്മെൻറിന്റെ മദ്യനിരോധനനിയമം നടപ്പിൽ വന്നതോടുകൂടി ആയുർവേദചികിത്സക്കത്യാവശ്യങ്ങളായ ആസവാരിഷ്ടങ്ങൾ നിർമ്മിക്കുവാനും രോഗികൾ

ക്കപയോഗിപ്പിക്കുവാനും തടസ്ഥം നേരിട്ടതുകൊണ്ട് ആ നിയമപരിധിയിൽനിന്നു ആസവാരിഷ്ടങ്ങളെഒഴിവാക്കുവാൻ ഗവമ്മെൻറിനോടപേക്ഷിക്കേണ്ടതാണെന്ന ഒരു പ്രമേയം എസ്. രാമൻ നമ്പീശൻ ഹാജരാക്കുകയും ടി രാമവാര്യർ അവർകൾ അനുവദിക്കുകയും ചെയ്തതു് സർവ്വസമ്മതമായി പാസ്സാക്കുകയും, ഗവമ്മെൻറിനോടപേക്ഷിക്കുവാൻ സമാജാധികൃതന്മാരെ അറിയിക്കുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

5. ഗ്രന്ഥാവലികൾ ആവശ്യപ്പെട്ടതു മുഴുവനും അയച്ചുകിട്ടാത്തതിനാൽ ഗ്രന്ഥാലയത്തേപ്പററി അടുത്ത യോഗത്തിൽ ആലോചിക്കുവാനും അതിന്നുമുൻപ് ഗ്രന്ഥാവലികൾ കഴിയുന്നതും ശേഖരിക്കുവാനും തീർച്ചപ്പെടുത്തി.

6. തുടച്ച്യായി പ്രവൎത്തകസമിതിയുടെ രണ്ടു യോഗത്തിന്നു ഹാജരായിട്ടില്ലെന്നും ടി ഒന്നാം യോഗത്തിലെ തീർപ്പനുസരിച്ച് കാര്യം നിർവ്വഹിച്ചിട്ടില്ലെന്നും പ്രവൎത്തകസമിതിയുടെ റിപ്പോർട്ടു കിട്ടുകയാൽ വൈദ്യമഠം സി. നാരായണൻനമ്പൂതിരി അവർകളെ പ്രവൎത്തകസമിതിയിൽനിന്ന് ഒഴിവാക്കുവാനും പകരം പുലാമന്തോൾ സി. ശങ്കരൻ മൂസ്സവർകളെ നിശ്ചയിക്കുവാനും തീർച്ചപ്പെടുത്തി.

7. പ്രവൎത്തകസമിതിയിൽനിന്ന് സമർപ്പിച്ചിട്ടുള്ള വിഷയപരിപാടിയിൽ "ധന്വന്തരി നിഘണ്ടുവിൽ മൂന്നുവൎഗ്ഗങ്ങളിലും, ഔഷധനിൎമ്മാണങ്ങളിലും ഉള്ള ചില സംശയങ്ങളെ"പ്പററി ആലോചിക്കുവാൻ അടുത്ത യോഗത്തിലേക്ക് നീട്ടിവെച്ചതിന്നുശേഷം 31-ാംനു- കൃത്യം 6 മണിക്ക് യോഗം മംഗളമായി അവസാനിച്ചു.

വഴിക്കുവഴി നമ്പർ	അഷ്ടാംഗഹൃദയത്തിലെ അദ്ധ്യായം 1. ശ്ലോകനമ്പർ	
1.	43.	വിദ്രധീഗുൽമജഠരപാണ്ഡുശോഫവിസർപ്പിഷു ഇതിപാഠഃ സ്വീകാര്യഃ

2. 46. ത്രയശ്ച ചൈത്രച സർവ്വശേഷ ഇതി പാഠഃ സാധുഃ
3. ,, വ്രണ ഭംഗഭഗന്ദരെ ഇത്യേവ പാഠഃ സാധുഃ

ദ്വിതീയോദ്ധ്യായഃ

4. നൈശവീരമഞ്ജനം നിത്യമിത്യസ്യാഗ്രേ "ലോചനേ തേന ഭവതഃ സുസ്നിഗ്ദ്ധഘനപക്ഷ്മണീ. വ്യക്തത്രിവർണ്ണേ വിമലേ മനോജ്ഞേ സൂക്ഷ്മദർശനേ" ഇതി ശ്ലോകഃ യോജനീയഃ
5. ഭുക്തവാംശ്ച ശിരസ്നാതഃ ഇത്യാദി ശ്ലോകഃ ന സ്വീകാര്യഃ
6. 12. മർദ്ദയേതസമന്തതഃ ഇതിപാഠഃ സാധുഃ
7. 23. ശക്തിതഃ ഇത്യേവപാഠഃ സാധുഃ
8. 36. ഉൽകുടികസ്ഥിതഃ ഇതിപാഠഃ സാധുഃ
9. 38. ചൈത്യാന്തചതുഷ്പഥസുരാലയാനിതി സാധുഃ
10. 40. ദാനാദാനാനിനാചരേ ദിതിസാധുഃ

തൃതീയോദ്ധ്യായഃ

11. 1. ശിശിരോഥവസന്തശ്ച ഗ്രീഷ്മവർഷാശരദ്ധിമാഃ ഇത്യർദ്ധശ്ലോകഃ പ്രക്ഷേപ്തവ്യഃ
12. 13. പ്രാവൃണ്ൿഥകാസ്തുതമിതിപാഠഃ സാധുഃ
13. 22. നിഗദാനാസവാരിഷ്ട ഇതിപാഠഃ സാധുഃ
14. 23 മദ്ധ്വംബുജലദാംബ്വവാ ഇതി പാഠഃ സാധുഃ
15. 24 അദൃഷ്ടനഷ്ടസൂര്യേഷു ഇതി പാഠഃ സാധുഃ
16. 29 അന്യഥാ ശോഫശൈഥില്യമിതിപാഠഃ സാധുഃ
17. 30 രാഗഷാഡബെഷ ഇതി പാഠഃ സാധുഃ
18. 31 പാനകം പഞ്ചസാരാഖ്യമിതി പാഠഃ സാധുഃ
19. 37 പൃത്ഥസ്ത്രീസ്തനഫസ്ഥാസ്യമിതി പാഠഃ സാധുഃ
20. 38 ആസനം സ്വസ്ഥചിത്തസ്യേതി പാഠഃ സാധുഃ

ചതുർത്ഥാദ്ധ്യായഃ

21. 6 മൂത്രജഷ്ഠു പാനേച്ചേതി പാഠഃ സാധുഃ
22. ,, 32-33. ഇതി ശ്ലോകയോർമ്മദ്ധ്യേ അഥർവ്വവിഹിതാശാന്തിരിത്യാദി ശ്ലോകഃ ന സ്വീകാര്യഃ

പഞ്ചമോദ്ധ്യായഃ.

23. ,, തദഭാവേ ച ഭ്രമിഷ്ഠമിതി പാഠഃ സാധുഃ
24. ,, തൽകുര്യാൽസ്നാനപാനാഭ്യാമിത്യർദ്ധശ്ലോകഃ
ന സ്വീകാര്യഃ
25. 18 ഹിതം ദോഷേദ്ധ്യുഷിതമിതി പാഠഃ സാധുഃ
26. ,, പിത്തയുക്തേത്യാദിശ്ലോകസ്യാഗ്രെ "പാനീയ
ന്നതുപാനീയമിത്യാദിസാർദ്ധചത്വാരഃ ശ്ലോകാഃ
യോജനീയാഃ
27. ,, വിനാതു വനിതാസ്തന്യമിത്യാദ്യർദ്ധശ്ലോകഃ
ന സ്വീകാര്യഃ
28. 33 കഷ്ടപാണ്ഡ്വാമയപ്രദമിതിപാഠഃ സാധുഃ
29. 34 ഗ്രഹണീദോഷമൂത്രഗ്രഹാരുചിരിതി പാഠഃ
സാധുഃ
30. ,, ചക്ഷുഷ്യം ബാലവൃദ്ധാനാം പ്രശസ്തം
സൌഖ്യകമായ്ക്കൽ ഇത്യർദ്ധശ്ലോകഃ സ്വീകാര്യഃ
31. 39 "വയസ്സംസ്ഥാപനംപരം" "വിധിഭിർഘൃത"
മിതിച പാഠൌ സ്വീകാര്യൌ
32. ,, കീലാടപീയൂഷ കൂചികാമോരടാദയഃ ഇതിപാഠഃ
സ്വീകാര്യഃ
33. ,, രൂക്ഷം കഷായമധുരമിത്യസ്യാഗ്രെ
"യക്ഷ്മാർശോർത്തിതനാശനമിത്യാദി ന സ്വീകാര്യഃ
34. ,, ഉമാകുസുംഭജമിത്യസ്യാഗ്രെ "തിലതൈലം
വരംതത്ര കൌസുംഭമവരം പരമിത്യർദ്ധശ്ലോകഃ
ന സ്വീകാര്യഃ
35. ,, ദ്രാക്ഷേക്ഷവഃ സഖർജ്ജൂരാ ഇത്യർദ്ധശ്ലോകഃ
നസ്വീകാര്യഃ
36. 65 ഗുരുതദ്ദോഷജനനമിതിപാഠഃ സാധുഃ
37. ,, വ്രണെപാണ്ഡ്വാമയേത്യസ്യാഗ്രെ
"വിഷ്ടംഭിനീത്യാദ്യർദ്ധശ്ലോകഃ ന സ്വീകാര്യഃ

38. ,, തസ്മാദാസ്ഥാപനേത്യസ്യാഗ്രേ "ഗണ്ഡൂഷ
ധാരണാദ്യൈശ്ച്രമലദൌർഗന്ധ്യനാശനം"
ഏഭിരേവഗുണൈർയുക്തേത്യാദിസാർദ്ധശ്ലോക
ശ്ചനസ്വീകാര്യ്യഃ

ഷഷ്ഠോദ്ധ്യായ:

39. 1 പുണ്ഡ്രഃ പാണ്ഡുഃ പുണ്ഡരീക: ഇത്യാദി
സാർദ്ധശ്ലോക: ന സ്വീകാര്യ്യ:

40. 5 മഹാംസ്തഞ്ചാനുകളമ: ഇതിപാഠ: സാധു:

41. 9 കുക്കുടാണ്ഡകലാംബാക്ഷ: ഇതിപാഠ: സാധു:

42. ,, നിസ്സാരാവാതളാശ്രക്ഷാ: ഇത്യാദ്യർദ്ധശ്ലോക:
ന സ്വീകാര്യ്യ:

43. ,, അസൃക്പിത്തകര: ഇത്യാദ്യർദ്ധശ്ലോക:
ന സ്വീകാര്യ്യഃ

44. ,, ശീഘ്രജന്മതഥാസ്വപ്യമിത്യസ്യാഗ്രേ "യവഗോ
ധൂമമാഷാശ്ച ഇതിശ്ലോക: നസ്വീകാര്യ്യ:

45. ,, സുധൌത: സുസ്രുത: സ്വിന്നസ്ത്വക്തോഷ്മാ
ചൌദനോലഘുഃ ഇതിപാഠ: സാധു:

46. ,, അക്ലതം ക്ലതയൂഷഞ്ചേത്യാദിശ്ലോക:
ന സ്വീകാര്യ്യ:

47. ,, വിഷ്ടംഭിമൂത്രളംഹൃദ്യമിത്യസ്യാഗ്രേ
"പ്രഭൃതാദ്യന്തരമലോമാംഷസൂപ:പരം സ്മൃത:
വിദ്യാദ്യുഷേരസേസൂപെ ശാകെവൈ
വോത്തരോത്തരം ഗൌരവം തന്നുസാന്ദ്രാമ്ലസ്വാ
ദുഷേഷ്വപ്രഥകിതഥാ ഇതിസാർദ്ധശ്ലോക:
ന സ്വീകാര്യ്യ:

48. 38 ശ്രമനേത്രാമയവ്രണാൻ ഇതിപാഠ: സാധുഃ

49. ,, പിണ്യാകോല്ലപനോത്രക്ഷ ഇത്യസ്യാഗ്രേ
"രൌക്ഷ്യാദചിഷ്ടംഭതേ"ത്യാദിശ്ലോക: ന
സ്വീകാര്യ്യ:

50. 43 കരംഗർശ്യ ഇതിപാഠ: സ്വീകാര്യ:
51. „ മുഗ്യം വൈഷ്കിരികമിത്യാദി ശ്ലോക: ന സ്വീകാര്യ:
52. „ ഗ്രാഹീവർണ്ണ്യോനിലോദ്രിക്തസന്നിപാതഹരഃ പര"മിത്യസ്യാഗ്രെ ധന്വാന്തപവിഷാരിത്വാദി ത്യർദ്ധശ്ലോകസ്സ്വീകാര്യ:
53. „ മത്സ്യാഃപരം കഫകരാഃ ഇത്യസ്യാഗ്രെ "മത്സ്യാദി പക്ഷിണാഞ്ചൈവേത്യാ"ദിശ്ലോകഃ നസ്വീകാര്യഃ
54. 68 സ്വയം മൃതം കൃശം പൂതീതിപാഠഃ സ്വീകാര്യഃ
55. 72 പാഠാശഠിശ്ശൂഷാ ഇതിപാഠഃ സാധു:
56. 71 കരീരം കലകം നന്ദീ കംബേലാ ഇതി സാധു:
57. „ കഠില്ലം കേബുകമിതിപാഠ; സാധു:
58. 80 കാരവെല്ലം സകടുകം ദീപനം കഫജിൽപരം
59. 88 ഗൃഞ്ജനം വാതപിത്തജിൽ ഇതിപാഠഃ സാധുഃ
60. 92 ക്രൌഞ്ചാദനം കലോഡ്യഞ്ച ഇതിപാഠഃ സാധുഃ
61. 94 "ജീവന്തകസ്സ്ഥൂലകജയവശാകസുവച്ചലാ: ഇതിപാഠ: സാധു;
92. „ ആളൂപാന്നിച സവ്വാണീതിപാഠ: സാധു:
63. „ തഥാ സൂവച്യാന്നി ലക്ഷ്മണാ ഇതിപാഠസ്സാധുഃ
64. „ ദീപനം ഭേദനം ഹന്തീത്യസ്യാഗ്രെ സംഗ്രാഹി ശാത്മലീപുഷ്പമിത്യാദ്യർദ്ധശ്ലോകോ നസ്വീകാര്യഃ
65. 104 സ്ലിശ്ധസ്വിന്നം തദപീതിപാഠ: സാധു:
66. 108 ഹിദ്ധ്മാകാസവിഷശ്വാസ ഇതിപാഠ: സാധു:
67. 110 രോചനദീപന: ഇതി സാധു;
68. „ ഭഗ്നസന്ധാനകൃൽബല്യ: ഇത്യാദ്യർദ്ധശ്ലോക: ന സ്വീകാര്യ:
69. 111 ഹന്ത്യസ്രപിത്തകൃദിതിപാഠ: സാധു:
70. 122 വിഷ്ടംഭി കഫശുക്രകൃദിതിപാഠ: സ്വാധു:
71. 129 വൃക്ഷാമ്ലമിത്യസ്യാഗ്രെ "തൃഷ്ണാഘ്നമുഷ്ണമിത്യാദ്യർദ്ധശ്ലോക: ന സ്വീകാര്യ:

72. 133 ഗുല്മോദരാർശഃശൂലാനിത്യസ്യാഗ്രേ മധ്യം
കിഞ്ചിദമ്ലഞ്ചേത്യാദിശ്ലോകഃ നസ്വീകാര്യഃ

73. 135 പാരാവതം ഗുരു ഇതിപാഠഃ സ്വീകാര്യഃ

74. ,, രുച്യമ്മധുരമാരുകമിതിപാഠഃ സാധുഃ

75. 138 നത്രുദാം മൃഗലിണ്ഡജ മിതിപാഠഃ സാധുഃ

76. 139 അമ്ലീകാങ്കോലയോഃ ഫലമിതി പാഠഃ സാധുഃ

77. ,, ഫലാനാമവരം തത്രേത്യസ്യാഗ്രേ വാതഘ്നം
ദുർജരമിത്യാദി ദ്വൌ ശ്ലോകൌ ന സ്വീകാര്യൌ.

78. 140 ഹിമാനിലോഷ്ണമിത്യാദിപാഠഃ സാധുഃ

79. 141 ജീർണ്ണതയാതി ച ഇതിപാഠഃ സാധുഃ

80. 143 സൃഷ്ടമലംവിട്ഃ ഇതിപാഠഃ സാധുഃ

81. 149 സൈന്ധവാദിപ്രയോജയേദിതി സാധുഃ

82. 150 ശ്വാസാശ്ഃ കഫവാതാംശ്ചേതിപാഠഃ സാധുഃ

83. 156 മേദമോഹവമിത്യാദിപാഠഃ സാധുഃ

84. ,, സകേസരം ചതുർജ്ജാതമിത്യസ്യാഗ്രേ സുഗന്ധി
സർവ്വപേയാനാമിത്യാദിശ്ലോകഃ ന സ്വീകാര്യഃ

85. 167 ശൂലഘ്നം ദീപനം പരമിതിപാഠഃ സാധുഃ ദശമ
വിഷയെ പാനപാഠപക്ഷസ്യ സാധകെ "ക്രുല
ഷായാം" സുരാപാനമിത്യാദി സംഗ്രഹഗ്രന്ഥേ
സുരാപദസ്യ മദ്യവിശേഷവാചിത്വമേവ നതു
മദ്യസാമാന്യവാചിത്വം, അതശ്ച വൈദ്യശാ
സ്ത്രേ മദ്യപാനം നകാപി സാമാന്യതോ നിഷി
ദ്ധം സ്യാദിത്യേകഃ പ്രബലഃ പക്ഷഃ ദാനാദാനാ
നീതി പാഠ പക്ഷേ പഞ്ചവൈദ്യവിദ്വാംസഃ
ദ്വൌ ഗ്രന്ഥൌ ച, ദാനപാനാനീതിപാഠപക്ഷേ
ചത്വാരോ വൈദ്യവിദ്വാംസശ്ച ഭവന്തി.

എന്ന്, കാര്യദർശി.

ദോഷങ്ങൾ—അവയുടെ സ്വഭാവം

(K. R. Thirumulpad, Chalakudy.)

മാതാപിതാക്കന്മാരാൽ ഭക്ഷിക്കപ്പെട്ട് പാകക്രമത്തിൽ ആൎത്തവവും ശുക്ലവും ആയിത്തീൎന്നിട്ടുള്ള പഞ്ചഭൂതങ്ങളിൽ നിന്നാണെല്ലോ ശരീരോല്പത്തി. ഈ മഹാഭൂതസംഘാതത്തിൽ ലയിച്ചിരിക്കുന്ന ശക്തിയെ കൎമ്മത്തിലുള്ള വൈധൎമ്മ്യത്തെ പുരസ്കരിച്ച് മൂന്നായിത്തിരിക്കുകയും അവസ്ഥാഭേദേന ധാതുക്കളെന്നോ ദോഷങ്ങളെന്നോ മലങ്ങളെന്നോ സാങ്കേതികമായി പറയുകയും ചെയ്യുന്നു. ശുക്രാൎത്തവപരമാണുക്കളിലൂടെ ശരീരത്തിൽ പ്രവേശിക്കുന്ന ഇവ, അതു് വിലയംപ്രാപിക്കുവോളം അതിനെ നിലനിൎത്തുകയും പിന്നീട് ഭൂതങ്ങളിൽ തന്നെ ലയിക്കുകയും ചെയ്യുന്നു.

ശരീരത്തിന്റെ നിലനില്പിനുതകുന്നതെന്നല്ല ഏതുതരം പ്രവൃത്തിക്കും ധാതുക്കളിൽ ഏതെങ്കിലും ഒന്നു് ആസ്പദമായിരിക്കും. ധൎമ്മംകൊണ്ടു് വിരുദ്ധങ്ങളാണെങ്കിലും ശരീരധാരണത്തിനു ധാതുക്കൾ സഹകരിച്ചു പ്രവൎത്തിക്കുകയും ചെയ്യുന്നു.

ഈ ധാതുക്കൾ സ്ഥൂലപദാൎത്ഥങ്ങളോ (matter) ശക്തി, പ്രഭാവം, ചൈതന്യം മുതലായവയേപ്പോലെ സൂക്ഷ്മപദാൎത്ഥങ്ങളോ (energies) എന്നു് പൎയ്യാലോചിക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം. *

ഓരോ പദാൎത്ഥവും പഞ്ചഭൂതാത്മകമാണെന്നാണല്ലോ ശാസ്ത്രസിദ്ധാന്തം. ഈശ്വരന്റെ ഇച്ഛാശക്തിയിൽനിന്നുമുണ്ടായ ഈ പ്രപഞ്ചസൃഷ്ടി നമ്മുടെ ഇന്ദ്രിയങ്ങൾക്കു് വിഷയമായ മഹാഭൂതാവസ്ഥയെ പ്രാപിക്കുന്നതിനുമുമ്പ് പല പടി

---

* പദാൎത്ഥത്തിന്റെ വിവക്ഷിതാൎത്ഥം എന്തു്? ശക്തി അതിലുൾപ്പെടുമോ? വാതപിത്തകഫങ്ങൾ ശക്തിവിശേഷങ്ങളാണെന്നു് പറയുന്നതിന്റെ അടിസ്ഥാനമെന്താണു്? [എഡിറ്റർ]

കളേയും കുടക്കുന്നു എന്നു് ദാർശനികന്മാർ പറയുന്നു. ഓരോ മഹാഭൂതത്തിന്നു കേന്ദ്രമായി ഓരോ തന്മാത്രയുണ്ടു്; ഓരോ മഹാഭൂതവും പഞ്ചീകരണംവഴി തൻെറ തൻെറ തന്മാത്രയിൽനിന്നും രൂപമെടുക്കുന്നു, എന്നാണവരുടെ മതം. നമുക്കൊരുവിധത്തിലും പ്രത്യക്ഷമല്ലാത്തതന്മാത്ര കേവലം ചൈതന്യ [energy] സ്വരൂപമാണെന്നാണ് കരുതേണ്ടതു്. ശക്തികൾക്കു പ്രവൃത്തിക്കുന്നതിന്നു് ഒരുപാധി വേണമല്ലോ. ഓരോ ഭൂതത്തേയും അതാതു തന്മാത്രക്കു പ്രവത്തിക്കുവാനുള്ള ഉപാധിയായി കണക്കാക്കാം. ഇന്നു് പടിഞ്ഞാറൻദിക്കിലെ പണ്ഡിതന്മാർ ആററമിക്എനർജി എന്നുവിളിച്ചുവരുന്ന ആ ശക്തിതന്നെയാണു് താന്മാത്രികചൈതന്യമെന്നു് കരുതുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. കാന്തശക്തി ഇരുമ്പിൽക്കൂടെ എന്നപോലെ തന്മാത്രയും അതാതു ഭൂതത്തിൽക്കൂടെ പ്രവത്തിക്കുന്നു.

മനുഷ്യശരീരമായിക്കാണപ്പെടുന്ന പഞ്ചഭൂതസംഘാതത്തിലും തന്മാത്രാരൂപമായ ശക്തിവിശേഷം അനുമേയമായി പ്രവത്തിച്ചുകൊണ്ടിരിക്കുന്നുണ്ടാവണമല്ലോ. ഈ ശക്തിവിശേഷത്തെ സാങ്കേതികമായി കമ്മത്തിലുള്ള വ്യത്യാസംകൊണ്ടു് മൂന്നായി വിഭജിക്കുകയും ഓരോന്നിനും അവസ്ഥാഭേദേന ധാതുവെന്നോ ദോഷമെന്നോ പറയുകയും ചെയ്യുന്നു. വായ്വാകാശീയമായ താന്മാത്രികശക്തിയെ വാതമെന്നും ആഗ്നേയമായ താന്മാത്രികശക്തിയെ പിത്തമെന്നും ഭൂജലാത്മകമായ താന്മാത്രികശക്തിയെ കഫമെന്നും പറയുന്നു.

മിക്കവാറും ശക്തിയെ അതിനുപാധിയായ വസ്തുവിനോടുചേത്തല്ലാതെ പറയുക സാദ്ധ്യമല്ല. നാം പെട്രോൾ എന്നു പറഞ്ഞാൽ ആ ദ്രാവകത്തിൽ അടങ്ങിയിരിക്കുന്ന അതിൽക്കൂടെ പ്രവത്തിക്കുന്ന ശക്തിവിശേഷത്തെയാണല്ലോ വിവക്ഷിക്കുന്നതു്. അതുപോലെതന്നെ നമ്മുടെ ശരീരഘടകങ്ങളായ ഭൂതങ്ങളെ ആസ്പദമാക്കി ദോഷവിവേചനം ചെയ്യുമ്പോഴും അതീന്ദ്രിയമായ ചൈതന്യവിശേഷങ്ങളാണു് ചച്ചക്കുവിഷയമാകുന്നതു്.

ഈ ത്രിദോഷങ്ങളാകുന്ന അടിസ്ഥാനത്തിലാണ് നമ്മുടെ ശരീരം മുഴുവൻ കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത്.

വാതം പിത്തം കഫം എന്ന ശക്തിവിശേഷങ്ങളെ അവസ്ഥാഭേദേന ധാതുക്കളെന്നും ദോഷങ്ങളെന്നും മലങ്ങളെന്നും പറയാം. കേവലം ശക്തികൾ എന്ന അവസ്ഥയിൽ ശരീരധാരണം എന്ന കൃത്യത്തെ പരസ്പരം സഹകരിച്ചുചെയ്തുകൊണ്ടിരിക്കുമ്പോൾ അവയെ ധാതുക്കളെന്ന് പറയുന്നു. ഏതെങ്കിലും തരത്തിലുള്ള അപഥ്യാചാരംകൊണ്ട് സമാനഗുണങ്ങൾ വർദ്ധിക്കുകയും, വിപരീതഗുണങ്ങൾ ക്ഷയിക്കുകയും ചെയ്യുന്നു എന്ന സാമാന്യനിയമം അനുസരിച്ച് ധാതുക്കൾക്ക് ഏററക്കുറച്ചിലുകൾ ഉണ്ടാവുകയും സ്വ സ്വ കർമ്മങ്ങൾ ശരിക്കുചെയ്യുവാൻ സാധിക്കാതാവുകയും ചെയ്യുമ്പോൾ, രോഗകാരണമായ ആ അവസ്ഥയിൽ അവയുടെ ദോഷങ്ങൾ എന്നുപേർ. അപ്പോൾ അവ രൂക്ഷതാദികൾകൊണ്ടു വ്യക്തമാകുന്നു. ധാതുക്കൾ അവയുടെ പ്രവൃത്തി യഥായഥം നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു യന്ത്രത്തിൽ അഴുക്കടിയുന്നതുപോലെ ചില ചില മലങ്ങൾ ഉണ്ടാവുകയും ആ മലങ്ങളേയും വാതം പിത്തം കഫം എന്ന പേരുകൾകൊണ്ടു തന്നെ പറയുകയും ചെയ്യുന്നു. അനുസ്യൂതമായി ശരീരത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന തേയ്മാനംകൊണ്ട് മലം സഞ്ചയിക്കുന്നു. ശോധനചികിത്സയിൽ ശുദ്ധിവരുത്തപ്പെടുന്നത് ഇത്തരം മലങ്ങളാണെന്നാണ് കരുതേണ്ടത്.

ഈ പ്രസ്താവനക്കു മുഴുവൻ, ബീജം നമ്മുടെ ശാസ്ത്രഗ്രന്ഥങ്ങളിൽക്കാണാം.

മനുഷ്യന് സഹജമായി ഒന്നുകൊണ്ടും അന്യഥാകരിക്കുവാൻ സാധ്യമല്ലാതെ പ്രകൃതി എന്നൊരു ധർമ്മവിശേഷമുണ്ടല്ലോ. ഈ പ്രകൃതിക്കുമൂലകാരണം ദോഷങ്ങളാകയാൽ അതാതു പ്രകൃതിയുള്ളവരെ, വാതപ്രകൃതി, പിത്തപ്രകൃതി, കഫപ്രകൃതി എന്നെല്ലാം വിളിക്കുന്നു. ജന്മാദിയിൽ ശുക്രാർത്തവങ്ങളിൽ സ്ഥിതിചെയ്യുന്ന ദോഷങ്ങളാണ് പ്രകൃതിക്കുകാരണം.

സൂക്ഷ്മാത്ത്വങ്ങളിൽ ദോഷങ്ങൾ ശക്തിരൂപത്തിലല്ലാതെ രൂക്ഷതകൊണ്ടോ തീക്ഷ്ണതകൊണ്ടോ സ്നിഗ്ദ്ധതകൊണ്ടോ ഗ്രഹിക്കുമാറു് ഇന്ദ്രിയഗോചരമായിട്ടില്ലെന്നു് വ്യക്തമാണെല്ലോ. സൂക്ഷ്മാത്ത്വങ്ങളിൽ രൂക്ഷതാദികൾ ഇല്ലെങ്കിലും അവയ്ക്കു നിദാനമായ ശക്തിവിശേഷങ്ങൾ ഉണ്ടെന്നു് ഊഹിക്കുവാൻ ശാസ്ത്രവും അനുഭവവും തെളിവുതരുന്നുണ്ടു്.

"ആഹാരമഗ്നിഃ പചതി ദോഷാനാഹാരവർജ്ജിതഃ" എന്നുപറഞ്ഞേടത്തു് ദോഷശബ്ദംകൊണ്ടു് ആ ശക്തിവിശേഷത്തിന്റെ ഉപാധിയായ വസ്തുവിനെ [matter] ആണു് ഗ്രഹിക്കേണ്ടതു്. പെട്രോൾ കത്തിപ്പോയാൽ അതിലടങ്ങിയ ശക്തിയും മറയുമല്ലോ. "ജീവിതം" പാകത്തിനു വിഷയമാകത്തക്കവണ്ണം ഒരു വസ്തുവും [matter] അല്ല.

അഗദരോഗബദ്ധനായ ഒരുവന്റെ ശരീരത്തിൽ രൂക്ഷതാദിഗുണങ്ങളാൽ മാത്രം അനുമേയങ്ങളല്ലെങ്കിലും ദോഷങ്ങൾ [യഥാർത്ഥത്തിൽ ധാതുക്കൾ) സ്വസ്വകർമ്മങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുവെന്നതു് സ്പഷ്ടമാണെല്ലോ. ധാതുക്കൾ രോഗകരത്വമുള്ള ദോഷാവസ്ഥയിൽ മാത്രമേ രൂക്ഷതാദിഗുണവിശേഷങ്ങളാൽ അനുമേയങ്ങളായിരിക്കുകയുള്ളുവെന്നും, സമാവസ്ഥയിൽ കേവലം ശക്തിസ്വരൂപങ്ങളാണെന്നും നിശ്ചയിക്കാം. വിരുദ്ധഗുണങ്ങൾ പരസ്പരം സമീകരിക്കുന്നതുകൊണ്ടാണിവയെന്നു് ചിലർ പറയുമെങ്കിലും മററുയുക്തികളുടെ വെളിച്ചത്തിൽ, ഈ വാസ്തവവും ദോഷങ്ങളുടെ സൂക്ഷ്മത്വത്തെ സ്ഥാപിക്കുന്നുവെന്നുതന്നെ കരുതാം.

ഈ വിഷയത്തിൽ വൈദ്യപണ്ഡിതന്മാരുടെ അഭിപ്രായത്തെ ആരാഞ്ഞുകൊണ്ടു് തല്ക്കാലം ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

* ആയുർവേദത്തിലെ ഗവേഷണം

ആർഷഭാരതത്തിന്റെ മൂർത്തീകരണമായ ഗാന്ധിജി ചരമം പ്രാപിച്ചിരിക്കുന്ന ഒരവസരത്തിലാണ് നാമിവിടെ കൂടിയിരിക്കുന്നതു്. ഭാരതീയന്റെ സംസ്കാരം ഈ സംഭവംമൂലം അസ്തമിച്ചുപോയില്ലേ എന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. നമ്മെ സംബന്ധിച്ച് പ്രത്യേകം ശ്രദ്ധ അർഹിക്കുന്ന ഒരു സംഭവംകൂടി ഈയ്യിടെ ഉണ്ടായി. നമ്മളുടെ ഇടയിൽ അതിനെപ്പററി പല ചർച്ചകളും നടന്നുകൊണ്ടിരിക്കുന്നു. ഡാ: സി. ഒ. കരുണാകരൻ സ്വാതന്ത്ര്യകാഹളത്തിൽ ആയുർവേദത്തെപ്പററി പ്രതിപാദിച്ചിട്ടുള്ള ലേഖനങ്ങളുടെ പ്രത്യാഘാതമാണിതു്. അദ്ദേഹം പറയുന്നു ആയുർവ്വേദത്തിനകത്തു് കുറെ നല്ല ഔഷധയോഗങ്ങളുണ്ടു്. അവ പരിശോധിച്ച് "ആയുർവ്വേദൌഷധയോഗസമുച്ചയം" എന്നപേരിൽ ഉദ്ധരിച്ചുപ്രയോഗിക്കുന്നപക്ഷം അതൊരു ആദായമാർഗ്ഗമായിരിക്കും, അതിനു വേണ്ടി ശ്രമിക്കണമെന്നുംമററും ആയുർവേദത്തിനു പറയത്തക്കമെററു മേന്മകളൊന്നുമില്ലെന്നും പ്രസ്തുതലേഖനത്തിൽ പറയുന്നു. പണമില്ലാത്തകാലത്തു് ആയുർവേദത്തിനുവേണ്ടി പണം ദുർവ്യയം ചെയ്യരുതെന്നുംമററും അദ്ദേഹം വിദഗ്ദ്ധോപദേശം നൽകുന്നു. ആയുർവേദാഭ്യസനം ഒരു ക്ഷമാപണംമാത്രമായി അദ്ദേഹം കാണുന്നു. ധനസമ്പാദനത്തിനുള്ള മാർഗ്ഗം വളരെ നന്നായിരിക്കുന്നു. ഡാ. കരുണാകരന്റെ ഗവേഷണശാലയിലുള്ള പൂന്തോട്ടത്തിനുവേണ്ടി ചിലവഴിക്കുന്ന പണം ആയുർവ്വേദത്തിന്റെ ഗവേഷണത്തിന് വിനിയോഗിക്കാൻ ബഹു: ഗവണ്മെന്റ് അനുവദിച്ചാൽ ആയുർവേദത്തിനുള്ള മഹത്വങ്ങൾ എന്തെല്ലാമാണെന്നു് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ

---

* 15-6-123-ൽ ആയുർവേദകാളേജിൽവച്ച് ഡാ: കെ. ജി. ഗോപാലപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടിയ ആയുർവേദറിസർച്ച് യൂണിയൻ വാർഷികസമ്മേളനത്തിൽ ആയുർവേദാചാര്യ, മി. ഭാർഗ്ഗവൻ ചെയ്ത പ്രസംഗം.

വിഷയവിവരം.

VAIDYA SARATHY.

Regd. No. M. 3579 & T. 102. *February 1948.*

Printed and Published by C. G. Govinda Pillay at the Vaidya Sarathy Press, Kottayam.